പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10 23.01.2018-ലെ മറുപടിക്ക്

**ദേശീയ പുരസ്കാരം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **പിണറായി വിജയൻ<br>മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | ഭരണരംഗത്തെ മികവിന് അടുത്ത കാലത്ത് സംസ്ഥാനത്തിന് എന്തെങ്കിലും ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്രമസമാധാന പാലനത്തിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേരളത്തെ ഇന്ത്യാ ടുഡേ തെരഞ്ഞെടുക്കുകയുണ്ടായി. കോപ്സ് ടുഡേ ഇന്റർനാഷണലിന്റെ പോലീസ് എക്സ്സലൻസ് അവാർഡ് കേരളാ പോലീസ് കരസ്ഥമാക്കി. വയോജന സംരക്ഷണത്തിനുള്ള 'വയോമിത്രം' പരിപാടിക്ക് കേന്ദ്ര സർക്കാരിന്റെ പുരസ്കാരം ലഭിച്ചു. പബ്ലിക് അഫയേഴ്സ് സെന്റർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ, പൊതുകാര്യ സൂചികയിൽ കേരളം, രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ്. |
| (ബി) | പുരസ്കാരത്തിനായി കേരളത്തിന്റെ എന്തൊക്കെ നേട്ടങ്ങളാണ് പരിഗണിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ